(ഇ) 2014-15-ൽ 5 കോടി രൂപ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. കേന്ദ്രധനസഹായമായി ലഭിക്കുവാനുള്ള 2 കോടി രൂപ അനുവദിക്കാത്തതിനാൽ യാതൊന്നും ഇതുവരെ ചെലവഴിച്ചിട്ടില്ല. എന്നാൽ 2015-16-ലെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം- അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

27 (2497) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണ് ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ് ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സ്കൂൾ തലത്തിൽ എൽ.പി.യിൽ (1-5 വരെ)1:30 ഉം യു.പി. യിൽ (6-8 വരെ) 1:35 ഉം ആയി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കെ.ഇ.ആർ. പ്രകാരം നിലവിലുള്ള അനുപാതം ക്ലാസ് തലത്തിൽ 1:45 ആണ്.

(സി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly